


ചിറ്റൂർ വിക്ടോറിയ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ നടന്ന സൈബർ സുരക്ഷാ സെമിനാർ ജുഡീഷ്യൽ മജിസ്ട്രേറ്റ് ടി കെ മമത ഉദ്ഘാടനം ചെയ്യുന്നു

തിപ്പ്.

ടി കോവിലകം ശ്രീമൂർത്തി




വിശ്വാസിന്റെ അഞ്ചാം വാർഷികത്തോടനുബന്ധിച്ച് നടന്ന സൈബർ സുരക്ഷയെക്കുറിച്ചുള്ള സെമിനാർ ചിറ്റൂർ ജുഡീഷ്യൽ ഒന്നാംക്ലാസ് മജിസ്ട്രേറ്റ് ടി.കെ.മമത ഉദ്ഘാടനം ചെയ്യുന്നു

# പെൺകുട്ടികൾ പ്രതികരിക്കണം: ടി.കെ.മമത

പാലക്കാട്: പ്രശ്നങ്ങൾ അഭിമുഖീകരിക്കുമ്പോൾ മാറി നിൽക്കാതെ പെൺകുട്ടികൾ പ്രതികരിച്ചാൽ മാത്രമേ സമൂഹത്തിൽ മാറ്റങ്ങൾ വരുത്താൻ കഴിയുകയുള്ളുവെന്ന് ചിറ്റൂർ ജുഡീഷ്യൽ ഒന്നാംക്ലാസ് മജിസ്ട്രേറ്റ് ടി.കെ.മമത അഭിപ്രായപ്പെട്ടു.

വിശ്വാസിന്റെ അഞ്ചാം വാർഷികത്തോടനുബന്ധിച്ച് ചിറ്റൂർ വിക്ടോറിയ ഗവ.ഗേൾസ് ഹയർസെക്കണ്ടറി സ്കൂളിൽ നടന്ന സൈബർ സുരക്ഷയെക്കുറിച്ചുള്ള സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അവർ.

വിശ്വാസ് സെക്രട്ടറിയും സീനിയർ എപിപിയുമായ പി.പ്രേംനാഥ് മുഖ്യ പ്രഭാഷണം നടത്തി.

സ്കൂൾ പ്രിൻസിപ്പാൾ സി.രാജീവ് അധ്യക്ഷത വഹിച്ചു. അഡ്വ.ഗിരീഷ് മേനോൻ, വി.പി.കുര്യാക്കോസ്, പി.ടി.എ വൈസ് പ്രസിഡന്റ് ശിവരാജൻ, മനോജ് എന്നിവർ സംസാരിച്ചു. എൻഎസ്എസ് പ്രോഗ്രാം ഓഫീസർ കെ.ഗോവിന്ദൻകുട്ടി സ്വാഗതവും സൗഹൃദക്ലബ്ബ് കോർഡിനേറ്റർ ദീപ നന്ദിയും പറഞ്ഞു.

# തിരുവാതിരകളി മത്സരം നടത്തി

# പെൺകുട്ടികൾ പ്രതികരിക്കണം: ടി കെ മമത

പാലക്കാട്: പ്രശ്നങ്ങൾ അഭിമുഖീകരിക്കുമ്പോൾ മാറി നിൽക്കാതെ പെൺകുട്ടികൾ പ്രതികരിച്ചാൽ മാത്രമേ സമൂഹത്തിൽ മാറ്റങ്ങൾ വരുത്താൻ കഴിയുകയുള്ളുവെന്ന് ചിറ്റൂർ ജുഡീഷ്യൽ ഒന്നാംക്ലാസ് മജിസ്ട്രേറ്റ് ടി കെ മമത അഭിപ്രായപ്പെട്ടു. വിശ്വാസിന്റെ അഞ്ചാംവാർഷികത്തോടനുബന്ധിച്ച് ചിറ്റൂർ വിക്ടോറിയ ഗവൺമെന്റ് ഗേൾസ് ഹയർസെക്കന്ററി സ്കൂളിൽ നടന്ന സൈബർ സുരക്ഷയെക്കുറിച്ചുള്ള സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അവർ. പ്ലസ് വൺ, പ്ലസ് ടു എന്നീ രണ്ടു ബാച്ചുകളിലെ 240 ഓളം വിദ്യാർത്ഥികൾക്ക് രണ്ടു സെക്ഷനുകളിലായി നടത്തിയ സെമിനാറിൽ വിശ്വാസ്സെക്രട്ടറിയും സീനിയൻ എ എ പിയുമായ പ്രേംനാഥ് മുഖ്യപ്രഭാഷണം നടത്തി. സ്കൂൾ പ്രിൻസിപ്പൽ സി രാജീവന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അഡ്വ. ഗിരീഷ്മേനോൻ, വി പി കുര്യാക്കോസ്, പി ടി എ വൈസ് പ്രസിഡണ്ട് ശിവരാജൻ, മനോജ് എം എന്നിവർ സംസാരിച്ചു. എൻ എസ് എസ് പ്രോഗ്രാം ഓഫീസർ കെ ഗോവിന്ദൻകുട്ടി സ്വാഗതവും സൗഹൃദ ക്ലബ് കോർഡിനേറ്റർ ദീപ നന്ദിയും പറഞ്ഞു.

# വിശ്വാസ് വാർഷിക ആഘോഷം ഇന്നു മുതൽ

പാലക്കാട് ● കുറ്റകൃത്യങ്ങൾക്കും അവകാശ നിഷേധങ്ങൾക്കും അധികാര ദുർവിനിയോഗത്തിനും ഇരകളാകുന്നവർക്കു സഹായം നൽകുന്ന കൂട്ടായ്മയായ വിശ്വാസിന്റെ അഞ്ചാം വാർഷിക ആഘോഷത്തിന് ഇന്ന് തുടക്കമാകും. സംസ്ഥാന നിയമ സഹായ അതോറിറ്റിയുടെ ജില്ലയിലെ ഏക അംഗീകൃത സംഘടനയാണു വിശ്വാസ്. വാർഷിക ആഘോഷങ്ങളുടെയും കോടതികളിലെ വിധിപകർപ്പുകളും കേസ് വിവരങ്ങളും സാധാരണക്കാർക്കു ലഭ്യമാക്കുന്ന 'ഇ നീതികേന്ദ്ര'യുടെയും ഉദ്ഘാടനം രണ്ടിന് കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ മഹാരാഷ്ട്ര മുൻഗവർണർ കെ.ശങ്കരനാരായണൻ ഉദ്ഘാടനം ചെയ്യും. ക്രൈം കൗൺസലിങ് ശിൽപശാല മുൻ ഡിജിപി ഡോ. പി.എം.നായർ നയിക്കും. മൂന്നിന് ചിറ്റൂർ ഗവ. വിക്ടോറിയ ഗേൾസ് ഹയർസെക്കൻഡറി സ്കൂൾ വിദ്യാർഥിനികൾക്കായി സൈബർ സുരക്ഷാ സെമിനാർ സംഘടിപ്പിക്കും. പാലക്കാട് ചിന്മയമിഷൻ സ്കൂളിലെ വിദ്യാർഥികളുടെ വിശ്വാസ് വൊളന്റിയർ ഗ്രൂപ്പ് നാലിന് ഐജി എസ്.ശ്രീജിത് ഉദ്ഘാടനം ചെയ്യും. അഞ്ചിന് ഇന്റർ കോളജ് ഡിബേറ്റ് മത്സരം നടത്തും.

ആറിന് പാലക്കാട് നഗരസഭയിലെ കുടുംബശ്രീ അംഗങ്ങൾക്കുള്ള സെമിനാർ നഗരസഭാധ്യക്ഷ പ്രമീള ശശിധരൻ ഉദ്ഘാടനം ചെയ്യും. ഏഴിന് നിർഭയകേന്ദ്രത്തിലെ അന്തേവാസികളുടെ പരിപാടിയും കുടുംബ സംഗമവും ജസ്റ്റിസ് ചേറ്റൂർ ശങ്കരൻ നായർ ഉദ്ഘാടനം ചെയ്യുമെന്നു സെക്രട്ടറി പി.പ്രേംനാഥ്, കെ.മുരളീധരൻ, പി.ജയരാജൻ എന്നിവർ പറഞ്ഞു. വാർഷികത്തിന്റെ ലോഗോ പ്രകാശനം മന്ത്രി എ.കെ.ബാലൻ നിർവഹിച്ചു.

# വിശ്വാസ് അഞ്ചാം വാർഷികാഘോഷവും ഇ-നീതികേന്ദ്ര ഉദ്ഘാടനവും

## ഇ-നീതികേന്ദ്രയിൽ കേസുകളുടെ വിവരങ്ങളും കോടതിയുത്തരവുകളുടെ പകർപ്പുകളും ലഭ്യമാണ്



▶ വിശ്വാസിന്റെ അഞ്ചാം വാർഷികവും ഇ-നീതികേന്ദ്രയും കെ. ശങ്കരനാരായണൻ ഉദ്ഘാടനം ചെയ്യുന്നു

**പാലക്കാട് ▸** വിശ്വാസിന്റെ അഞ്ചാം വാർഷികാഘോഷവും ഇ-നീതികേന്ദ്രയും മുൻ മഹാരാഷ്ട്ര ഗവർണർ കെ. ശങ്കരനാരായണൻ ഉദ്ഘാടനം ചെയ്തു. സാധാരണക്കാരന് നീതിലഭിക്കുന്നതിനായി വിശ്വാസ് നടത്തുന്ന പ്രവർത്തനങ്ങൾ മാതൃകയാണെന്ന് അദ്ദേഹം പറഞ്ഞു.

സിവിൽ സ്റ്റേഷനിലുള്ള വിശ്വാസ് ഓഫീസിൽ പ്രവർത്തിക്കുന്ന ഇ-നീതികേന്ദ്രയിൽ, കോടതികളിൽ നിലവിലുള്ള കേസുകളുടെ വിവരങ്ങളും കോടതിയുത്തരവുകളുടെ പകർപ്പുകളും ലഭ്യമാണ്.

'ക്രിമിനൽ നീതിന്യായ സംവിധാനത്തിൽ ഇരകളുടെ ക്ഷേമത്തിനായുള്ള നൂതന പ്രവർത്തനങ്ങൾ' എന്ന വിഷയത്തെക്കുറിച്ച് ഡോ. പി.എം. നായർ സംസാരിച്ചു.

എസ്. ശാന്താദേവി അധ്യക്ഷയായി. എം. തുഷാർ, പ്രഫുല്ലദാസ്, ഫാദർ ജോർജ്, കെ. ഷീബ, ടി. റീന, കെ. മുരളീധരൻ, പി. പ്രേംനാഥ്, വി.പി. കുര്യാക്കോസ് തുടങ്ങിയവർ സംസാരിച്ചു.



# മാനസിക സംഘർഷം ലഘൂകരിക്കാൻ കൗൺസലിങ് നൽകണം: കെ. ശങ്കരനാരായണൻ

പാലക്കാട്● കൂടുതൽ സമയം ജോലി ചെയ്യുന്ന പൊലീസ് ഉദ്യോഗസ്ഥരുടെ മാനസിക സംഘർഷം ലഘൂകരിക്കാൻ വിദഗ്ധരുടെ നേതൃത്വത്തിൽ കൗൺസലിങ് നൽകണമെന്നു മഹാരാഷ്ട്ര മുൻ ഗവർണർ കെ.ശങ്കരനാരായണൻ. കുറ്റകൃത്യങ്ങൾക്കും അവകാശ നിഷേധത്തിനും അധികാര ദുർവിനിയോഗത്തിനും ഇരകളാകുന്നവരെ സഹായിക്കുന്ന കൂട്ടായ്മ 'വിശ്വാസിന്റെ' അഞ്ചാം വാർഷികാഘോഷവും ഇ-നീതി കേന്ദ്രയുടെയും പൊലീസ് ഉദ്യോഗസ്ഥർക്കുള്ള ക്രൈം കൗൺസലിങ് ശിൽപശാലയും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പൊലീസ് ഉദ്യോഗസ്ഥരുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തിയാൽ മാത്രമേ കുറ്റകൃത്യങ്ങളിൽ ഇരയായവരോട് അനുകമ്പയോടെ പെരുമാറാൻ സാധിക്കൂ. കുട്ടികളോടുള്ള കുറ്റകൃത്യങ്ങളും കുട്ടികൾ ചെയ്യുന്ന കുറ്റകൃത്യങ്ങളും കുറയ്ക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം. സാധാരണക്കാരനു നീതി ലഭിക്കാൻ വേണ്ടിയുള്ള വിശ്വാസിന്റെ പ്രവർത്തനം മാതൃകയാണെന്നും അദ്ദേഹം പറഞ്ഞു.

മുൻ ഡിജിപി ഡോ.പി.എം. നായർ പ്രഭാഷണം നടത്തി. വിശ്വാസ് വൈസ് പ്രസിഡന്റ് എസ്. ശാന്തകുമാരി അധ്യക്ഷയായി. ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറി എം. തുഷാർ, ജില്ലാ ശിശു സംരക്ഷണ ഓഫിസർ പ്രഫുല്ലദാസ്, ചൈൽഡ് ലൈൻ ഡയറക്ടർ ഫാ. ജോർജ്, കെ. ഷീബ, ടി. റീന, കെ.മുരളീധരൻ, എം.പി. സുകുമാരൻ, ഗിരീഷ് മേനോൻ, വിജയ, വിശ്വാസ് സെക്രട്ടറി പി. പ്രേംനാഥ്, വൈസ് പ്രസിഡന്റ് വി.പി. കുര്യാക്കോസ് എന്നിവർ പ്രസംഗിച്ചു. സിവിൽ സ്റ്റേഷനിലെ വിശ്വാസിന്റെ ഓഫിസിൽ പ്രവർത്തിക്കുന്ന ഇ-നീതി കേന്ദ്രയിൽ കോടതികളിൽ നിലവിലുള്ള കേസുകളുടെ വിവരങ്ങളും കോടതി ഉത്തരവുകളുടെ ഫോട്ടോ കോപ്പികളും ലഭിക്കും.